പാലക്കാട് നഗരസഭ

## പാലക്കാട് മുനിസിപ്പാലിറ്റി

**പിൻ കോഡ്- 678001 ഫോൺ നമ്പർ : 0491-2534638**

**ഇമെയിൽ : secypkd@gmail.com**

നമ്പർ: 2690787-2024 തീയതി : 06-06-2025

പ്രേഷകൻ

സെക്രട്ടറി
പാലക്കാട് മുനിസിപ്പാലിറ്റി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, പാലക്കാട്

സർ,

വിഷയം: പാലക്കാട് നഗരസഭ- എഞ്ചിനിയറിംഗ് വിഭാഗം- ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി (2)- അനധികൃതനിർമ്മാണം സംബന്ധിച്ച പരാതി - റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ ഓഫീസിൽ നിന്നുള്ള 05/04/2025 തിയതിയിലെ LSGD/JD?PKD/6384-2023-I2 നമ്പർ കത്ത്

2. ഈ ഓഫീസിൽ നിന്നുമുള്ള 24.01.2025 തിയതിയിലെ 2690796/2024 നമ്പർ അറിയിപ്പ്

മേൽ പരാതിപ്രകാരം സ്ഥല പരിശോധന നടത്തിയതിൽ ശ്രീമതി മല്ലിക , കൃഷ്ണദാസ്, ഹരിദാസ് എന്നിവർ SCP/15001/2024 Dated: 20-10-2024 പ്രകാരം സെല്ഫ് സെർട്ടിഫൈഡ് പെർമിറ്റ് നേടിയാണ് നിർമ്മാണം നടത്തുന്നത്. GF 35.96M2 ,FF 35.96M2 വിസ്തീർണ്ണത്തിൽ കൊമേർഷ്യൽ കെട്ടിടം ആണ് നിർമ്മാണം നടത്തുന്നത് . പ്രസ്തുത നിർമ്മാണം നടത്തുന്ന പ്ലോട്ട് പാലക്കാട് 1 വില്ലേജ് ൽ പൊസഷൻ : 88313471 DT: 10/9/2024 REBL : 128, RESY : 46 ൽ 0.0402HA സ്ഥലത്താണ് . ടി സ്ഥലത്തിന്റെ തരം നിലം ആണ്. നിലവിലുള്ള

RESIDENTIAL ബിൽഡിംഗ് പ്ലാനിൽ ഉൾപ്പെടുത്താതെയും അതിന്റെ ഏരിയ കാണിക്കാതെയുമാണ് നിലത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ വിസ്തീർണ്ണത്തിൽ നിർമ്മാണത്തിനായി SELF PERMIT നേടിയിട്ടുള്ളത്. കൂടാതെ പ്ലോട്ടിന്റെ പടിഞ്ഞാറു വശത്തു വരുന്ന 12M വീതിയിലുള്ള മേലാമുറി റോഡിൽ നിന്നും KMBR 2019 ചട്ടം 23, 26 പ്രകാരമുള്ള അകലവും പാലിക്കാതെയാണ് അനുമതി നേടിയിട്ടുള്ളത് . നിലവിൽ 80CM അകാലമാണ് പാലിച്ചിട്ടുള്ളത്. SELF PERMIT നേടിയാൽ പ്ലിന്ത് ലെവൽ ഇൻസ്‌പെക്ഷൻ നടത്തുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് . FF വരെയും നിർമ്മാണം നിലവിൽ നടത്തിയിട്ടുണ്ട് .എന്നാൽ പ്ലിന്ത് ലെവൽ ഇൻസ്‌പെക്ഷൻ നടത്തുന്നതിനായി അപേക്ഷ സമർപ്പിചിട്ടില്ലാത്തതാണ്. ടി നിർമ്മാണം നിർത്തിവെയ്ക്കുന്നതിനും പ്ലിന്ത് ലെവൽ ഇൻസ്പെക്ഷനു അപേക്ഷ നൽകുന്നതിനും കെട്ടിട ഉടമയ്ക്കു സൂചന 2 പ്രകാരം നോട്ടീസ് നൽകിയെങ്കിലും ആയതു സമർപ്പിച്ചിട്ടില്ലാത്തതും നിലവിൽ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുള്ളതുമാണ് .ആയതിനാൽ പെർമിറ്റ് റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . ടി വിവരം അങ്ങയുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

MUNICIPAL OFFICE
Date:..............
PALAKKAD

Secretary
Palakkad Municipality